## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 6036 — 28/10/2011 ൽ മറുപടിക്ക്

**റേഷൻകടകൾ വഴി ഗുണനിലവാരമില്ലാത്ത ധാന്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കെ. കുഞ്ഞിരാമൻ<br>(തൃക്കരിപ്പൂർ) | | ശ്രീ. ടി.എം.ജേക്കബ്<br>(ഭക്ഷ്യവും, സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) | കാസർഗോഡ് ജില്ലയിലെ റേഷൻ കടകൾ വഴി ഗുണനിലവാരമില്ലാത്ത ധാന്യങ്ങൾ വിതരണം ചെയ്യുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിനെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ? | (എ) | ഇതിനെ സംബന്ധിക്കുന്ന പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തുടർന്ന് കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് താലൂക്കിൽപ്പെട്ട തൃക്കരിപ്പൂർ, പുല്ലൂർ, പെരിയ എന്നിവിടങ്ങളിലെ റേഷൻ കടകൾ സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥരും, "സപ്ലൈകോ" ഉദ്യോഗസ്ഥരും പരിശോധിക്കുകയും അവയുടെ വിൽപ്പന മരവിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇവയുടെ സാമ്പിൾ പരിശോധനാഫലം ലാബിൽ നിന്ന് ഇതുവരെ ലഭ്യമായിട്ടില്ല. താലൂക്കിലെ വിവിധ ഫർക്കകളിലായി 20 ഓളം റേഷൻ കടകൾ ഇതിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചിരുന്നു. പരിശോധിച്ച കടകളിൽ ഒന്നും തന്നെ മോശമായതോ,ഗുണനിലവാരം കുറഞ്ഞതോ ആയ അരി ഉണ്ടായിരുന്നില്ലെന്നും കണ്ടെത്തിയിട്ടുണ്ട്. റേഷൻ കട വഴി വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കി മാത്രം വിതരണം ചെയ്യുന്നതിന് കർശനമായ നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ.